**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **28-01-2026 - ൽ മറുപടിയ്ക്ക്**

**ചെറുകിട തുറമുഖങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. കെ. പി. എ. മജീദ്, ഡോ. എം. കെ. മുനീർ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖം പൂർണ്ണസജ്ജമാകുന്നതോടെ സുഗമമായ ചരക്കു നീക്കത്തിനായി മറ്റ് ചെറുകിട-ഇടത്തരം തുറമുഖങ്ങളും വികസിപ്പിക്കപ്പെടേണ്ടതാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ സജ്ജമാകുന്നതോട് കൂടി കേരളതീരത്തിലൂടെയുള്ള ചരക്ക് ഗതാഗതത്തിൽ കുതിച്ച് ചാട്ടം പ്രതീക്ഷിക്കുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടു ചേർന്നുള്ള കേരളാ മാരിടൈം ബോർഡിന്റെ കോവളം- വിഴിഞ്ഞം തുറമുഖം, കൊല്ലം, ബേപ്പൂർ, അഴിക്കൽ എന്നീ തുറമുഖങ്ങൾ ഇതിനകം തന്നെ ചരക്ക് ഗതാഗതം കൈകാര്യം ചെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ഇടത്തരം ചരക്ക്-യാത്ര കപ്പലുകൾ അടുക്കുവാനും സുഗമമായി പ്രവർത്തിക്കുവാനും ആവശ്യമായ കപ്പൽ ചാലിന്റെ ആഴം, വാർഫുകൾ, യന്ത്ര സാമഗ്രികൾ എന്നിവ ഈ തുറമുഖങ്ങളിൽ നിലവിലുണ്ട്. അന്തരാഷ്ട്ര കപ്പലുകൾ അടുക്കുവാൻ ആവശ്യമായുള്ള സെക്യൂരിറ്റി സർട്ടിഫിക്കറ്റായ ഐ.എസ്.പി.എസ് (International Ship and Port Facility Security code) നാല് തുറമുഖങ്ങൾക്കും നേടിയെടുത്തിട്ടുണ്ട്. കസ്റ്റംസ് ഇമ്മിഗ്രേഷൻ സർട്ടിഫിക്കറ്റുകൾ അഴിക്കൽ ഒഴികെയുള്ള തുറമുഖങ്ങൾക്ക് നേടിയെടുത്തിട്ടുണ്ട്. അഴിക്കലും ഇത് നേടിയെടുക്കുവാനുള്ള പ്രവർത്തനം നടന്നു വരുന്നു. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ നിന്നുള്ള സഹായം കൂടി സ്വീകരിച്ച് ആഴം കൂട്ടുതൽ വർദ്ധിപ്പിക്കുവാനുള്ള പരിസ്ഥിതി ആഘാത പഠനം നടന്ന് വരുന്നു. അഴിക്കൽ തുറമുഖത്തും ആഴം കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ ഇൻലാൻഡ് തുറമുഖമായ കോട്ടയം ഇൻലാൻഡ് പോർട്ട് ആൻഡ് ഇൻലൻഡ് കണ്ടെയ്നർ ടെർമിനലിലും കസ്റ്റംസ് ക്ലീയറൻസ് അടക്കമുള്ള ചരക്ക് ഗതാഗതത്തിനുള്ള അനുമതികൾ നിലവിലുണ്ട് . |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിൽ സ്വകാര്യ പങ്കാളിത്തം ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കേരളാ മാരിടൈം ബോർഡിന് കീഴിലുള്ള കോവളം-വിഴിഞ്ഞം, കൊല്ലം, അഴിക്കൽ, ബേപ്പൂർ തുറമുഖങ്ങൾ, കോട്ടയം ഇൻലാൻഡ് പോർട്ട് ആൻഡ് കണ്ടെയ്നർ ടെർമിനൽ എന്നിവയാണ് ഇതിനായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ നടത്തിപ്പിനും വികസനത്തിനും സ്വകാര്യ പങ്കാളിത്തം തേടുവാനുള്ള കേരളാ മാരിടൈം ബോർഡിന്റെ നിർദേശം പരിശോധിച്ചുവരുന്നു .<br><br>കണ്ണൂർ അഴിക്കലിൽ മലബാർ അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക കൺസൾട്ടന്റായ M/s Howeഎഞ്ചിനീയറിംഗ് പ്രോജക്ട്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ തുറമുഖത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) 22-08-2024 ലെ ജി.ഒ.(എം.എസ്)നമ്പർ 17/2024/എഫ്&പി & 07-11-2025 ലെ ജി.ഒ.(എം.എസ്) നമ്പർ 27/2025/എഫ്&പി, പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ ആകെ വികസന ചെലവ് 3 ഘട്ടങ്ങളിലായി 5,047 കോടി രൂപയാണ് (യഥാക്രമം 3,742 കോടി രൂപ + 375 കോടി രൂപ + 930 കോടി രൂപ). ഇത് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ